വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ.ആർ.ബാലകൃഷ്ണ പിള്ള):

(എ) മ്യൂസിയവും സൂവും വകുപ്പിന്റെ കീഴിൽ 2 മൃഗശാലകളും 4 കാഴ്ച ബംഗ്ലാവുകളും ഉണ്ട്. പുരാവസ്തു വകുപ്പിന്റെ കീഴിൽ 6 കാഴ്ചബംഗ്ലാവുകളും ഉണ്ട്.

(ബി) ഏഴാം പദ്ധതിക്കാലത്ത് പുതിയ കാഴ്ചബംഗ്ലാവുകളോ മൃഗശാലകളോ തുടങ്ങാൻ പദ്ധതിവിഹിതമനുസരിച്ച് സാധിക്കുന്നതല്ല.

കാവേരി നദീജല വിനിയോഗം സംബന്ധിച്ച കേരളത്തിന്റെ അവകാശവാദം

* 180 [183] ശ്രീ. കെ. പങ്കജാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളെ മാത്രം ബന്ധിപ്പിച്ചുകൊണ്ട് കാവേരി നദീജലതർക്കം പരിഹരിക്കാൻ ശ്രമങ്ങൾ നടന്നുവരുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാവേരി നദീ ജലവിനിയോഗം സംബന്ധിച്ച കേരളത്തിന്റെ അവകാശവാദം എന്തുമാത്രം അംഗീകരിച്ചിട്ടുണ്ട്;

(സി) ഇതു സംബന്ധിച്ച കേന്ദ്ര ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ നടന്നിട്ടുള്ള ചർച്ചകളിൽ കേരള ഗവൺമെന്റിന്റെ പ്രതിനിധികൾ ഏറ്റവും അവസാനമായി പങ്കെടുത്തത് എന്നാണ്?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ.ആർ.ബാലകൃഷ്ണ പിള്ള):

(എ) 1983 ഏപ്രിലിൽ കേന്ദ്ര ജലസേചനവകുപ്പു സഹമന്ത്രി ന്യൂഡൽഹിയിൽ വിളിച്ചുകൂട്ടിയ മുഖ്യമന്ത്രിമാരുടെ സമ്മേളന തീരുമാനമനുസരിച്ചായിരുന്നു ഈ സംസ്ഥാനങ്ങൾ തമ്മിൽ ഇക്കാര്യം ചർച്ച ചെയ്തത്.

(ബി, സി) 1976-ൽ അന്നത്തെ കേന്ദ്രമന്ത്രി വിളിച്ചു കൂട്ടിയ സംസ്ഥാന മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ ഉണ്ടായ ധാരണയനുസരിച്ച് നിലവിലുള്ള ഉപയോഗം ഉൾപ്പെടെ കേരളത്തിന്, പ്രതിവർഷം 39 റ്റി.എം.സി. (തൗസൻഡ് മില്യൻ ക്യൂബിക്ക് അടി) വെള്ളമാണ് വിഹിതമായി അംഗീകരിച്ചത്. പക്ഷേ ആദ്യം തമിഴ്നാടും പിന്നീട് കർണ്ണാടകവും ഈ ധാരണയിൽനിന്നും പിന്നോട്ടു പോയി. 16.6.1986-ന് ബാംഗ്ലൂരിൽ നടന്ന ചർച്ചയിലാണ് കേരള ഗവൺമെന്റ് അവസാനമായി പ്രതിനിധികളെ അയച്ചത്. ഈ ചർച്ചയിൽ പ്രശ്നം ഒരു ട്രൈബ്യൂണലിന് വിടണമെന്ന നിർദ്ദേശം തമിഴ്നാടും പോണ്ടിച്ചേരിയും വച്ചതിനെ തുടർന്ന് ചർച്ചയിലൂടെ പ്രശ്ന പരിഹാരം നടത്താനുള്ള ശ്രമം കേന്ദ്രമന്ത്രി നിർത്തിവയ്ക്കുകയാണുണ്ടായത്.

റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ

* 181 [184] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു നീട്ടെയിൽ റേഷൻ ഷോപ്പിന് മിനിമം എത്ര റേഷൻ കാർഡ് വേണമെന്നാണ് തത്വത്തിൽ അംഗീകരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly